**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ശ്രീ. എൻ.പി. വിനോദ്കുമാർ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA.1233/15 ന്മേലുള്ള 18/01/2016 ലെ - വിധിന്യായ ഉത്തരവ് തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (ആർ.റ്റി) നം.3411/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 15.12.2016

---

*പരാമർശം:-* 1. തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 17/11/2015-ലെ A1/1432/15/CE/LSGD നമ്പർ നടപടിക്രമം.

2. ശ്രീ. എൻ.പി. വിനോദ്കുമാർ സമർപ്പിച്ച 22/12/2015 ലെ അപ്പീൽ.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA.1233/15 ന്മേലുള്ള 18/01/2016 ലെ വിധിന്യായം.

4 തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 23.03.2016 ലെ A1-1432/2015/CE/LSGD തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊതുമരാമത്ത് വകുപ്പിൽ മുൻകാലപ്രാബല്യത്തിൽ ലഭിച്ച പ്രൊമോഷന്റെ തീയതിയിൽ തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വകുപ്പിൽ സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് പുന:നിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എൻ.പി. വിനോദ്കുമാർ സീനിയർ ക്ലാർക്ക ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA.1233/15 ന്മേലുള്ള 18/01/2016-ലെ വിധിന്യായത്തിൽ അപേക്ഷകൻ ഒന്നാം കക്ഷിയായ സർക്കാർ മുൻപാകെ ഫയൽ ചെയ്ത Annexure.A8 നിവേദനം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിക്കുകയുണ്ടായി.

2. Annexure.A8 എന്നത് ശ്രീ. എൻ.പി. വിനോദ്കുമാർ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM) 952/14-ന്മേലുള്ള അന്തിമവിധി പാലിച്ചുകൊണ്ട് ചീഫ് എൻജിനീയർ പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിനെതിരെ ടിയാൻ ഗവൺമെന്റിൽ സമർപ്പിച്ച 22/12/2015-ലെ അപ്പീലാണ്.

3. പൊതുമരാമത്ത് വകുപ്പിൽ നിന്നും എൽ.ഡി. ക്ലാർക്കായി തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വകുപ്പിൽ 06.06.2012-ൽ പ്രവേശിച്ച ശ്രീ.എൻ.പി. വിനോദ്കുമാറിന് പൊതുമരാമത്ത് വകുപ്പിൽ 1990 മുതലുള്ള സീനിയോരിറ്റി/പ്രൊമോഷൻ എന്നിവ സംബന്ധിച്ച് ബഹു.കോടതിയിൽ നിലനിന്നിരുന്ന കേസ്സിന്റെ വിധിയെത്തുടർന്ന് ടിയാന് 03.02.2010 മുതൽ മുൻകാല പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി പൊതുമരാമത്ത് വകുപ്പിൽ സ്ഥാനക്കയറ്റം നൽകുകയുണ്ടായി. എന്നാൽ, തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വകുപ്പിൽ പ്രവേശിച്ച ശേഷം 25/11/2013-ലാണ് സീനിയർ ക്ലാർക്കായി ടിയാന് പ്രൊമോഷൻ നൽകിയത്. പൊതുമരാമത്ത് വകുപ്പിൽ ലഭിച്ച പ്രൊമോഷൻ പരിഗണിച്ച് 03.02.2010-ൽ ടിയാന് സീനിയർ ക്ലാർക്കായി തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വകുപ്പിൽ ആഗിരണം ചെയ്തതായി കണക്കാക്കി വകുപ്പിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ മുൻകാല പ്രാബല്യത്തോടെ ഉൾപ്പെടുത്തണമെന്നതാണ് ടിയാന്റെ ആവശ്യം.

4. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 25/08/2016 തീയതി അണ്ടർ സെക്രട്ടറി ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. 06.06.2012 തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വകുപ്പിൽ ജോയിൻ ചെയ്ത ടിയാന്റെ പൊതുമരാമത്ത് വകുപ്പിലെ ജൂനിയേഴ്സിൽ ചിലർ തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വകുപ്പിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ടിയാന്റെ പേരിന് മുകളിൽ സീനിയോരിറ്റി നൽകിയതായും സമാനമായ മറ്റൊരു കേസ്സിൽ 29/08/2014-ലെ ജിഒ(ആർ.ടി) നം.2276/14/LSGD പ്രകാരം ശ്രീമതി. സിസ്റ്റു. എസ്സ്, ശ്രീമതി. കവിത.കെ.ജി എന്നിവർക്ക് തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വകുപ്പിൽ സീനിയോരിറ്റി പുനഃസ്ഥാപിച്ചു നൽകിയെന്നും ആയതിനാൽ 03.02.2010-ൽ മുൻകാല പ്രാബല്യത്തിൽ പൊതുമരാമത്ത് വകുപ്പിൽ ലഭിച്ച പ്രൊമോഷൻ കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വകുപ്പിലെ സീനിയോരിറ്റി ലിസ്റ്റിൽ 62-ാം റാങ്ക് സ്ഥാപിച്ചു നൽകണമെന്ന് ശ്രീ. എൻ.പി. വിനോദ്കുമാർ, അപേക്ഷിക്കുകയുണ്ടായി.

5. പൊതുമരാമത്ത് വകുപ്പിലെ അധികമെന്ന് കണ്ടെത്തിയ തസ്തികകളേയും ജീവനക്കാരേയും തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വകുപ്പിലേയ്ക്ക് പുനർവിന്യസിച്ചതനുസരിച്ച്, ശ്രീ. വിനോദ്കുമാർ എൽ.ഡി. ക്ലാർക്കായിരുന്ന സമയത്ത് ഓപ്ഷൻ നൽകിയിട്ടുള്ളതിൻപ്രകാരം എൽ.ഡി. ക്ലാർക്കുമാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയുമാണ് ടിയാനെ തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വകുപ്പിലേയ്ക്ക് ആഗിരണം ചെയ്തിട്ടുള്ളത് . പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകളിൽ നിന്നും തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വകുപ്പിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സീനിയോരിറ്റി ലിസ്റ്റിനെ മറികടന്നുകൊണ്ട് മാതൃവകുപ്പിലെ മുൻകാല പ്രാബല്യത്തോടെയുള്ള പ്രൊമോഷന്റെ അടിസ്ഥാനത്തിൽ സീനിയോരിറ്റി പുനർനിർണ്ണയിച്ചാൽ വകുപ്പിലേയ്ക്ക് ആഗിരണം ചെയ്യപ്പെട്ട ജീവനക്കാരുടെ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റിനെ അട്ടിമറിയ്ക്കാൻ കളമൊരുക്കുകയും ആയത് നിരവധി കോടതി വ്യവഹാരങ്ങളിലേയ്ക്ക് നയിക്കുകയും ചെയ്യും. ആയതിനാൽ ശ്രീ. എൻ.പി. വിനോദ്കുമാറിന്റെ Annexure.A8-ലെ ആവശ്യം നിരാകരിച്ചുകൊണ്ടും ചീഫ് എൻജിനീയറുടെ പരാമർശം(1) ഉത്തരവ് നിലനിർത്തിക്കൊണ്ടും ടിയാന്റെ മാതൃവകുപ്പായ പൊതുമരാമത്ത് വകുപ്പിൽ മുൻകാല പ്രാബല്യത്തോടെ അതായത്, 03.02.2010-ന് നൽകിയ പ്രൊമോഷന്റെ സാമ്പത്തിക ആനുകൂല്യം മാത്രം നിജപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA.1233/15 മേലുള്ള 18/01.2016-ലെ കോടതി നിർദ്ദേശം പാലിച്ചു കൊണ്ടു കൂടി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല. സി.എസ്**

അണ്ടർ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ശ്രീ. എൻ.പി. വിനോദ്കുമാർ, സീനിയർ ക്ലാർക്ക്(തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന)
4. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ